**നമ്പർ: 236/2018**

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹപട്ടക്കാരും, ദേശത്ത് പട്ടക്കാരും പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,

1825 മുതൽ 1855 വരെ മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന് പ. സഭയ്ക്ക് ശക്തമായ നേതൃത്വം നൽകിയ ഭാഗ്യസ്മരണാർഹനായ ചേപ്പാട്ട് ഫീലിപ്പോസ് മാർ ദീവന്നാസിയോസ് തിരുമേനിയുടെ 163 -ാം ഓർമ്മ പെരുന്നാൾ 2018 ഒക്ടോബർ മാസം 11, 12 (വ്യാഴം, വെള്ളി) തീയതികളിലായി ആ പുണ്യപിതാവ് കബറടങ്ങിയിരിക്കുന്ന ചേപ്പാട് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ കൊണ്ടാടുകയാണ്. ഈ വർഷത്തെ പെരുന്നാൾ ശുശ്രൂഷകൾക്ക് നാമും നമ്മുടെ സഹോദരമെത്രാപ്പോലീത്താമാരും നേതൃത്വം നൽകുന്നതാണ്. ഈ പെരുന്നാളിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുന്നതിന് സഭാമക്കൾ ഏവരും തീർത്ഥാടകരായി ഈ ദേവാലയത്തിൽ എത്തിച്ചേരണമെന്ന് സ്നേഹപൂർവ്വം താൽപര്യപ്പെടുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2018 സെപ്റ്റംബർ മാസം 18-ാം തിയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.